LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) വാട്സ് ആപ്പ് തുടങ്ങിയ സോഷ്യൽ മീഡിയകൾവഴി പോലീസ് ഉദ്യോഗസ്ഥർക്കെതിരെ സൈബർ പോലീസ് സ്റ്റേഷനിൽ ഒരു പരാതി ലഭിച്ചിട്ടുണ്ട്. ടി പരാതിയിൽ ഒരു പോലീസ് ഉദ്യോഗസ്ഥൻ ഉൾപ്പെട്ടിട്ടുണ്ട്. ടി പരാതി സംബന്ധിച്ച് വകുപ്പ് തലത്തിൽ നടപടി സ്വീകരിച്ചുവരുന്നു. ഗതാഗത നിയമ ലംഘനത്തിന് പരാതികൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

പൂക്കാട് കേന്ദ്രീകരിച്ച് പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി

119(5708) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി മണ്ഡലത്തിൽ പൂക്കാട് കേന്ദ്രീകരിച്ച് പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നത് സംബന്ധിച്ച് ആഭ്യന്തര വകുപ്പിലെ 26237/ഇ 1/2014 നമ്പർ ഫയലിലെ തുടർ നടപടികൾ വിശദമാക്കാമോ ;

(ബി) പോലീസ് മേധാവി പ്രസ്തുത വിഷയത്തിൽ സമർപ്പിച്ച റിപ്പോർട്ടിന്റെ വിശദാംശം വ്യക്തമാക്കാമോ ; പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ&ബി) പൂക്കാട് കേന്ദ്രീകരിച്ച് പോലീസ് സ്റ്റേഷൻ ആരംഭിക്കണമെന്നുള്ള ആവശ്യം പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ 26237/ഇ 1/14/ആഭ്യന്തരം നമ്പർ ഫയലിൽ സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിരുന്നു. 45 പുതിയ തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് പൂക്കാട് കേന്ദ്രീകരിച്ച് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനാണ് സംസ്ഥാന പോലീസ് മേധാവി പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടുള്ളത്. അതിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.* ഇത് പരിശോധിക്കുകയും തുടർന്ന് പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് പോലീസ് സ്റ്റേഷനുകളിലെ ജോലിഭാരം കണക്കാക്കുന്നതിനായി ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് നടത്തുന്ന പഠനം കഴിഞ്ഞ ശേഷം അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള പുതുക്കിയ നിർദ്ദേശം ലഭ്യമാക്കുവാൻ സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.